പ്രേക്ഷിതൻ,

പ്രസിഡന്റ്/ജനറൽ സെക്രട്ടറി

കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടേഴ്സ് & ആഡിറ്റേഴ്സ് അസോസിയേഷൻ

സ്വീകർത്താവ്,

ബഹു. സഹ. വകുപ്പ് മന്ത്രി/

ബഹു. സഹ. വകുപ്പ് സെക്രട്ടറി/

ബഹു. സഹ. സംഘം രജിസ്ട്രാർ

സർ,

2013-ലെ സഹകരണ സംഘ നിയമ ഭേദഗതിയുടേയും 014-ലെ സഹകരണ ചട്ട ഭേദഗതിയുടേയും അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. സഹകരണ ചട്ടം 64 A പ്രകാരം സഹകരണ ആഡിറ്ററുടെ യോഗ്യത ബിരുദമായി നിശ്ചയിക്കുകയും ചെയതിട്ടുള്ളതാണ്. സഹ. ചട്ടം 64A പ്രകാരം തന്നെ ഓരോ തരം സഹകരണ സംഘങ്ങളുടേയും കാറ്റഗറി നിശ്ചയിച്ച് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് സംഘങ്ങളുടെ ആഡിറ്റ് നടത്തേണ്ടതെന്നും ആഡിറ്റർമാരുടെ പാനൽ തയ്യാറാക്കുക എന്നതും സഹകരണ ആഡിറ്റ് ഡയറക്ടറുടെ ചുമതലയായി നിയമനിർമ്മാണം നടത്തിയിരിക്കുന്നു. മേൽ പാനലിൽ നിന്നു മാത്രമേ സഹകരണ സംഘങ്ങൾക്ക് ആഡിറ്റർമാരെ നിശ്ചയിക്കാൻ സാധിക്കുകയുള്ളു.

ആഡിറ്റിന്റെ ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതിനാലും ആഡിറ്റ് സമയ ബന്ധിതമായി പൂർത്തിയേക്കേണ്ടതിനാലും സംഘങ്ങളുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തനങ്ങളും വിലയിരുത്തി ആഡിറ്റ് കേഡറൈസേഷൻ നടപ്പിലാക്കേണ്ടത് നിയമപരമായ ഉത്തരവാദിത്തമായി മാറിയിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഓരോ വിഭാഗം സഹകരണ ബാങ്ക്/ സംഘങ്ങളുടേയും ആഡിറ്റർമാരെ നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് അങ്ങയേ അറിയിക്കുന്നു.

| **ബാങ്ക്/ സംഘത്തിന്റെ തരം** | **നിർദേശിക്കുന്ന ആഡിറ്റർ തസ്തികകൾ** |
|---|---|
| 1.സംസ്ഥാന സഹകരണ ബാങ്ക്. | 1.അഡീഷണൽ ആഡിറ്റ് ഡയറക്ടർ.<br>Asst:2 ആഡിറ്റ് അസി: ഡയറക്ടർമാർ. |
| 2. ജില്ലാ സഹകരണ ബാങ്കുകൾ<br>(20 ബ്രാഞ്ചുകളിൽ കൂടുതലുള്ളവ) | 2.ജോയിന്റ് ആഡിറ്റ് ഡയറക്ടർ.<br>Asst:2 ആഡിറ്റ് അസി: ഡയറക്ടർമാർ. |
| 3.ജില്ലാ സഹകരണ ബാങ്കുകൾ<br>(20 ബ്രാഞ്ചുകളിൽ കുറവുള്ളവ) | 3.ജോയിന്റ് ആഡിറ്റ് ഡയറക്ടർ.<br>Asst:2 സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർമാർ. |
| 4.അർബ്ബൻ ബാങ്കുകൾ<br>(300 കോടിക്കു മുകളിൽ പ്രവർത്തനമൂലധനം) | 4.ഡെപ്യൂട്ടി ആഡിറ്റ് ഡയറക്ടർ.<br>Asst:1 ആഡിറ്റ് അസി: ഡയറക്ടർ. |
| 5.അർബ്ബൻ ബാങ്കുകൾ<br>(300 കോടിയിൽ താഴെ പ്രവർത്തനമൂലധനം) | 5.ഡെപ്യൂട്ടി ആഡിറ്റ് ഡയറക്ടർ.<br>Asst:1 സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ. |
| 6.പ്രാഥമിക സഹകരണ ബാങ്ക്<br>(100 കോടിക്കു മുകളിൽ പ്രവർത്തനമൂലധനവും<br>5-ൽ അധികം ശാഖകൾ ഉള്ളതും) | 6. ആഡിറ്റ് അസി: ഡയറക്ടർ.<br>Asst:1 സീനിയർ ആഡിറ്റർ |
| 7. പ്രാഥമിക സഹകരണ ബാങ്ക്<br>(100 കോടിക്കു താഴെ പ്രവർത്തന മൂലധനവും<br>5-ൽ കുറവ് ശാഖകൾ ഉള്ളതും) | 7.സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ |
| 8.പ്രാഥമിക സഹകരണ ബാങ്ക്<br>(മേൽ 2 വിഭാഗത്തിൽ താഴെ പ്രവർത്തനമൂലധനം<br>ഉള്ളതും സൂപ്പർഗ്രേഡ് & ക്ലാസ് 1 സ്പെഷ്യ: ഗ്രേഡ്) | 8.സീനിയർ ആഡിറ്റർ. |

| | |
|---|---|
| | |

| **ബാങ്ക്/ സംഘത്തിന്റെ തരം** | **നിർദേശിക്കപ്പെടുന്ന ആഡിറ്റർ തസ്തിക** |
|---|---|
| 9.പ്രാഥമിക സഹകരണ ബാങ്ക് (ക്ലാസ് 1) | 9.സീനിയർ ആഡിറ്റർ. |
| 10.പ്രാഥമിക സഹകരണ ബാങ്ക് (ക്ലാസ് 2,3,4,5&6) യൂണിറ്റിൽ ഉൾപ്പെട്ട സംഘങ്ങൾ | 10.ജൂനിയർ ആഡിറ്റർ. |
| 11.മേൽ വിഭാഗത്തിൽ പെടാത്ത അപെക്സ്/ സെൻട്രൽ /മറ്റ് വായ്പേതര സംഘങ്ങൾ | 11.മേൽ പ്രകാരം പ്രവർത്തന മൂലധനമോ വാർഷിക വിറ്റു വരവോ കണക്കാക്കി കേഡറൈസേഷൻ. |

നിലവിൽ സാമ്പത്തിക സ്ഥിതി മെച്ചമായതും ഇടപാടുകൾ നല്ല രീതിയിൽ നടന്നുവരുന്നതുമായ മിക്ക സഹകരണ ബാങ്കുകളും കെ.എസ്.ആർ പ്രകാരം ആഡിറ്റ് തസ്തികകൾ എടുക്കുവാൻ സ്വമേധയാ ഭരണസമിതി തീരുമാനമെടുക്കുവാൻ സന്നദ്ധമാവുന്നുണ്ട്. ഓരോ തരം സംഘങ്ങളുടേയും തരം അനുസരിച്ച് ഓഡിറ്ററെ നിശ്ചയിക്കേണ്ട ചുമതല, ഇപ്പോൾ നിലവിൽ വന്ന ചട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരമാണ്. ആയതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ തീരുമാനം ഉണ്ടാവണമെന്ന് വിനയപുരസരം അങ്ങയോട് അപേക്ഷിക്കുന്നു .

വിശ്വസ്തതയോടെ,

കേരള കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടേഴ്സ് & ആഡിറ്റേഴ്സ് അസോസിയേഷന് വേണ്ടി

ജി.മുരളീധരൻ
പ്രസിഡന്റ്

ബി.ശ്രീകുമാരൻനായർ
ജന: സെക്രട്ടറി

---

**മേൽ കരട് അപേക്ഷ എല്ലാ സംസ്ഥാന കമ്മറ്റി അംഗങ്ങളുടേയും അഭ്യുദയകാംക്ഷികളുടേയും പരിഗണനയ്ക്കും ഭേദഗതി നിർദേശങ്ങൾക്കുമായി അറിയിക്കുന്നു.**
**രണ്ട് ദിവസത്തിനുള്ളിൽ മെയിലായോ ഫോൺ വഴിയോ നിർദേശങ്ങൾ പ്രതീക്ഷിക്കുന്നു.**